സ്ഥാപിക്കൽ, പയർ കൃഷി വികസനത്തിനായി നൽകുന്ന ഹെക്ടറിന് 75 രൂപ വിലയുള്ള ഫോസ്ഫേറസ് വളങ്ങൾ, കൊക്കോ കൃഷി വികസനത്തിനായി സൗജന്യ നിരക്കിൽ കൊക്കോ തൈകൾ വിതരണം ചെയ്യാനുള്ള പദ്ധതി, കശുമാവിൻ തോട്ടങ്ങളിലെ കീട ബാധയ്ക്കെതിരായുള്ള സൗജന്യ നിരക്കിലുള്ള മരുന്നു തളി, ഭൂപരിഷ്ക്കരണ നിയമംമൂലം ഭൂടമകളായിട്ടുള്ള കൃഷിക്കാരുടെ ഭൂമിയിൽ ഉൽപാദനം വർദ്ധിപ്പിക്കാനായി തെങ്ങിൻ തൈകൾ, കുരുമുളക് തൈകൾ, മാവിൻ തൈകൾ, പച്ചക്കറി വിത്തുകൾ മുതലായവ 50 ശതമാനം സൗജന്യ വിലയ്ക്കും രാസവളങ്ങളുടെ 50 ശതമാനം ഗ്രാൻറായും നൽകുന്ന ''ഭൂപരിഷ്ക്കരണ ഗുണഭോക്തൃകുടുംബങ്ങൾക്കുള്ള പ്രത്യേക പദ്ധതി'' രോഗബാധയില്ലാത്ത വാഴക്കന്നുകൾ മിതമായ നിരക്കിൽ വിതരണം ചെയ്യുന്ന പരിപാടി, പച്ചക്കറി വിതരണത്തിന് കോർപ്പറേഷൻ പ്രദേശത്തു നടപ്പിലാക്കുന്ന പ്രത്യേക പരിപാടികൾ, മരച്ചീനി കൃഷി പ്രദർശനത്തോട്ടങ്ങൾക്ക് (0.25 ഹെക്ടറിന്) നൽകുന്ന 300 രൂപ ഗ്രാൻറ് മുതലായവയാണ്.

ഇവകൂടാതെ പട്ടികജാതി പട്ടിക വർഗ്ഗക്കാർക്കും, ഗിരിജനങ്ങൾക്കും വേണ്ടി മാത്രമായിട്ടുള്ള പ്രത്യേക പദ്ധതികളും നടപ്പിലാക്കി വരുന്നുണ്ട്. ഈ പദ്ധതി പ്രകാരം സൗജന്യമായ തെങ്ങിൻതൈ വിതരണവും, കൃഷി ചെയ്യാനാവശ്യമായ രാസവളങ്ങളുടെ 50 ശതമാനം സൗജന്യമായും പരമാവധി ഒരാളിന് 100 രൂപവരെ സസ്യ സംരക്ഷണ പ്രവർത്തനത്തിന് 25 രൂപ സബ്സിഡിയായും, ഗിരിജനങ്ങൾക്ക് കൃഷി ഉപകരണങ്ങൾ സൗജന്യമായും നൽകുന്നുണ്ട്. ചില തെരഞ്ഞെടുത്ത ഗിരിവർഗ്ഗ കോളനികളിൽ ആവശ്യമായ പലയിനം തൈകൾ സൗജന്യമായി നൽകി വരുന്നതു കൂടാതെ പതിമൂന്നു കോളനികൾ മണ്ണു സംരക്ഷണം നടത്താനായി തെരഞ്ഞെടുത്തിട്ടുണ്ട്.

(സി) 1979 ജനുവരി മാസം അവസാനംവരെ 27.42 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഡി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

തെങ്ങ് റിജുവനേഷൻ സ്കീം

1087 [1734] പ്രൊ. എ. വി. താമരാക്ഷൻ:

,, കല്ലട നാരായണൻ:

,, എസ്. ത്യാഗരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഓണാട്ടുകര പ്രദേശങ്ങളിൽ തെങ്ങിൻറെ റിജുവനേഷൻ സ്കീം നടപ്പിലാക്കുന്നതിന് എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ:

(ബി) എങ്കിൽ പ്രസ്തുത സ്കീം എന്ന് തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കുമോ;

(സി) ഇല്ലെങ്കിൽ പ്രസ്തുത സ്കീം ഈ പ്രദേശങ്ങളിൽ തുടങ്ങുവാൻ സത്വര നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഓണാട്ടുകര പ്രദേശത്ത് റിജുവനേഷൻ സ്കീമിന്റെ പൈലറ്റ് പദ്ധതി മുതുകുളം ബ്ലോക്ക് പ്രദേശത്തും, കായംകുളം മുനിസിപ്പൽ അതൃത്തിക്കുള്ളിലും കഴിഞ്ഞ 5 വർഷമായി നടപ്പിലാക്കി വരികയായിരുന്നു. 1979 ഫെബ്രുവരി മാസം 28-ാം തീയതി മുതൽ ഈ പദ്ധതി നിർത്തൽ ചെയ്തു. ഇതിനു പകരമായി സംസ്ഥാന വ്യാപകമായി നടപ്പിലാക്കികൊണ്ടിരിക്കുന്ന റിജുവനേഷൻ സ്കീം ഓണാട്ടുകര പ്രദേശത്തും താമസിയാതെ നടപ്പിലാക്കുന്നതാണ്.

(ബി) അടുത്ത രണ്ടു കൊല്ലത്തിനുള്ളിൽ നടപ്പാക്കാൻ സാധിക്കുമെന്നാണ് കരുതുന്നത്.

(സി) ചോദ്യം ഉദിക്കുന്നില്ല.

കാർഷികോൽപ്പാദന ഉപാധികളും സൗജന്യ നിരക്കിൽ വിതരണം ചെയ്യുന്നതിനുള്ള പദ്ധതി

1088 [1735] ശ്രീ. എ. വി. താമരാക്ഷൻ:

,, കല്ലട നാരായണൻ:

,, ത്യാഗരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സഭയെ മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി-പട്ടിക വർഗ്ഗത്തിൽപ്പെട്ട കർഷകർക്ക് കാർഷികോൽപ്പാദന ഉപാധികളും സൗജന്യ നിരക്കിൽ വിതരണം ചെയ്യുന്നതിനുള്ള ഒരു പദ്ധതിക്ക് ഗവൺമെന്റ് അനുമതി നൽകിയിട്ടുണ്ടോ;

(ബി) ആ പദ്ധതിയുടെ വിശദാംശങ്ങളെന്തെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി ഈ സാമ്പത്തിക വർഷം എത്ര ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്;

(ഡി) അതിൽ എത്ര ലക്ഷം രൂപാ ഇതിനകം ചെലഴിച്ചു;

(ഇ) ബാക്കി തുകകൂടി ചെലവഴിക്കാൻ സത്വര നടപടികളും സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) താഴെ പറയും പ്രകാരം മൂന്നു പദ്ധതികളാണ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്.

1. പട്ടികജാതി-പട്ടിക വർഗ്ഗക്കാരുടെ ഉന്നമനത്തിനായുള്ള സ്പെഷ്യൽ പദ്ധതി

ഈ പദ്ധതി അനുസരിച്ച് ഗിരിവർഗ്ഗ കോളനികളിലെ കൃഷിക്കാർക്ക് കാർഷിക വികസനത്തിനായി, മണ്ണു സംരക്ഷണ പദ്ധതികളും സൗജന്യമായി നടപ്പിലാക്കുകയും, കൃഷി ചെയ്യുന്നതിനാവശ്യമായ തൈകളും മറ്റും സൗജന്യമായി വിതരണം ചെയ്യുകയും ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly